**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6586** **11-07-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ നാല് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി കിഫ്ബി ധനസഹായത്തോടെ നടപടി സ്വീകരിച്ചു എങ്കിലും നിർമ്മാണം ഇനിയും ആരംഭിക്കുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | പുതുക്കാട് നിയമസഭാമണ്ഡലത്തിലെ പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്തിക്കര എന്നീ റെയിൽവേ ഓവർ ബ്രിഡ്ജുകൾ റെയിൽവേയുടെ എറണാകുളം-ഷൊർണ്ണൂർ സെക്ഷനിൽ വരുന്ന പ്രവർത്തികളാണ്. എറണാകുളം - ഷൊർണ്ണൂർ സെക്ഷന് ഇടയിൽ വരുന്ന ആർ.ഒ.ബി.കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) റെയിൽവേയുടെ 3rd line-ന്റെ അലൈൻമെന്റ് അന്തിമമായതിന് ശേഷം മാത്രമേ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് 11.07.2022 ലെ കത്ത് പ്രകാരം സതേൺ റെയിൽവേ അറിയിച്ചിരുന്നു. റെയിൽവേയുടെ ഉന്നതതല യോഗങ്ങളിൽ ഈ വിഷയം ഉന്നയിക്കുകയും 3rd line അലൈൻമെന്റ് അന്തിമമാക്കി, ആർ.ബി.ഡി.സി.കെ. യുടെ കിഴിലുള്ള ആർ.ഒ.ബി.കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) അംഗീകാരം നൽകാൻ ആവശ്യപ്പെട്ടിരുന്നു. 08.06.2023 ന് നടന്ന സംസ്ഥാന സർക്കാരും ദക്ഷിണ റെയിൽവേയും തമ്മിലുള്ള bimonthly അവലോകന യോഗത്തിൽ 3rd line അലൈൻമെന്റിന്റെ പൂർത്തീകരണം അവസാന ഘട്ടത്തിലാണെന്നും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) അംഗീകാരം പരിഗണനയിൽ ഉണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനാൽ ഇതിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (GAD) പ്രത്യേക പരിഗണനയിൽ അംഗീകരിച്ച് നൽകണമെന്ന് റെയിൽവേയോട് ആവശ്യപ്പെടുകയും 3rd line അലൈൻമെന്റിന് വേണ്ടി റെയിൽവേ ആവശ്യപ്പെട്ട മാറ്റങ്ങൾ വരുത്തിയ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) 05.01.2024 ൽ റെയിൽവേയുടെ അംഗീകാരത്തിനായി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് റെയിൽവേയുടെ പരിഗണനയിലാണ്. റെയിൽവേയുടെ അംഗീകാരം ലഭ്യമായാൽ ഉടനെ തന്നെ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ